**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്ന് കരുതുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ എടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വം അല്ലാത്ത ജി.എസ്.ടി. നിരക്കിൽ ഉള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാക്കിയെന്നത് വസ്തുതയാണ്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും ഈ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. |
| (ബി) | ഓരോ വർഷവും കടമെടുപ്പ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങുകയാണെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. കോവിഡിന്റെ പ്രതികൂല സാഹചര്യം, പ്രതിരോധ വാക്സിനേഷനിലെ പുരോഗതി പരിഗണിക്കുമ്പോൾ, താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ് വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | ചലനാത്മകമാകുമെന്നും ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന നയവും കൂടിയാകുമ്പോൾ നിലവിലുള്ള കടത്തിന്റെ പരിപാലനം പ്രയാസകരമാവില്ല. |
| (സി) | ഉയരുന്ന കടബാധ്യത ഫലപ്രദമായി നിയന്ത്രിച്ച് സംസ്ഥാന വികസനം കാര്യക്ഷമമാക്കുന്നതിനുള്ള ആശയങ്ങൾ സർക്കാർ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. തുടർച്ചയായുണ്ടായ രണ്ട് പ്രളയദുരന്തങ്ങളും നിപ്പയും കോവിഡും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി. ടി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. തത്ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ